7.3.11 പരസ്യ പ്രചാരണ ബോർഡുകൾ, ബാനറുകൾ, ഹോർഡിംഗുകൾ എന്നിവ സ്ഥാപിക്കുന്നതിനുള്ള അനുമതി

(ഉത്തരവ് നമ്പർ 639/2023/തസ്വഭവ തീയതി. 17-03-2023)

1	അപേക്ഷ നൽകേണ്ടത്	ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയ്ക്ക് (കെ സ്മാർട്ട് മുഖേന)
2	സമയപരിധി	പൗരാവകാശ രേഖ പ്രകാരം
3	അനുമതി നൽകേണ്ടത്	ഗ്രാമപഞ്ചായത്ത് സെക്രട്ടറി
4	സമർപ്പിക്കേണ്ട രേഖകൾ	1. അപേക്ഷ 2. മുദ്രപത്രത്തിൽ (200 രൂപ) നിശ്ചിത മാതൃകയിലുള്ള സത്യവാങ്മൂലം/കരാർ 3. സ്ഥാപിക്കുന്ന സ്ഥലം, സ്ഥലമുടമയുടെ വിശദ വിവരങ്ങൾ, സമ്മതപത്രം 4. ലൊക്കേഷൻ പ്ലാൻ 5. ക്ഷമതയുള്ള അധികാരിയുടെ സ്ട്രക്ച്ചറൽ സ്റ്റെബിലിറ്റി സർട്ടിഫിക്കറ്റ് 6. ഇൻഷ്വറൻസ് സർട്ടിഫിക്കറ്റ് 7. സ്ഥാപിക്കുന്ന കാലയളവും ഒന്നിലധികം സാമ്പത്തിക വർഷത്തേക്കാണെങ്കിൽ അടുത്ത വർഷം അപേക്ഷ പുതുക്കുന്നതാണെന്ന സാക്ഷ്യപത്രം
5	അടയ്ക്കേണ്ട ഫീസ്	ഇല്ല
6	അപ്പീൽ അധികാരി	ഗ്രാമപഞ്ചായത്ത്

കുറിപ്പ് :-

1. പരസ്യ പ്രചാരണ ബോർഡുകൾ, ബാനറുകൾ, ഹോർഡിംഗുകൾ എന്നിവ സ്ഥാപിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ അനുമതി ആവശ്യമാണ് എന്ന് തദ്ദേശസ്ഥാപന സെക്രട്ടറിമാർ പരസ്യപ്പെടുത്തേണ്ടതാണ്.

2. പ്രോഗ്രാം ഡീറ്റെയിൽസ് അടങ്ങിയ ബാനർ/ബോർഡുകൾ പ്രോഗ്രാമിന്റെ തീയതിയ്ക്ക് അടുത്തദിവസവും സ്ഥാപനങ്ങളുടെയും മറ്റും തീയതി വയ്ക്കാത്ത പരസ്യബാനർ, ബോർഡുകൾ പരമാവധി കാലയളവ് 30 ദിവസമായി കണക്കാക്കി സ്ഥാപിച്ചവർ തന്നെ അതിനുശേഷം 7 ദിവസത്തിനുള്ളിൽ നീക്കം ചെയ്യേണ്ടതാണ്. വീഴ്ചവരുത്തുന്ന പക്ഷം സ്ഥാപിച്ചവരിൽ നിന്ന് കുറഞ്ഞത് സ്ക്വയർ ഫീറ്റിന് 20 രൂപ നിരക്കിൽ പിഴയും കൂടാതെ ഡിസ്മാന്റിംലിംഗ് ചാർജ്ജ് (നീക്കം ചെയ്യുന്നതിനുള്ള ചെലവ്, ട്രാൻസ്പോർട്ടേഷൻ

ചാർജ്ജ്, പ്രോസസിംഗ്/ഡിസ്പോസൽ ചാർജ്ജ് ഉൾപ്പെടെ) ഈടാക്കികൊണ്ട് ഗ്രാമപഞ്ചാ
യത്ത് നീക്കം ചെയ്യേണ്ടതാണ്.

3. പരസ്യപ്രചാരണ ബാനറുകൾ, ബോർഡുകൾ, ഹോർഡിംഗുകൾ, ഷോപ്പ് ബോർഡുകൾ തുടങ്ങിയവയ്ക്ക് പി.വി.സി ഫ്ലക്സ്, പോളിസ്റ്റർ, നൈലോൺ, കൊറിയൻ ക്ലോത്ത്, പ്ലാസ്റ്റിക് കോട്ടിംഗുള്ള തുണി എന്നിവ ഉപയോഗിക്കാൻ പാടില്ല.

4. പരസ്യപ്രചാരണ ബോർഡുകളിൽ പി.വി.സി ഫ്രീ ലോഗോയും പ്രിന്റിംഗ് യൂണിറ്റിന്റെ പേരും നമ്പരും പതിച്ചിരിക്കേണ്ടത് നിർബന്ധമാണ്. ലോഗോ, പ്രിന്റിംഗ് യൂണിറ്റിന്റെ പേര് തുടങ്ങിയ വ്യവസ്ഥകൾ പാലിക്കാതെയും നിരോധിത വസ്തുക്കളിൽ പ്രിന്റ് ചെയ്യുകയോ സ്ഥാപിക്കുകയോ ചെയ്യുന്ന സ്ഥാപനങ്ങൾക്കെതിരെ 27-11-2019 ലെ 06/2019/പരി. നമ്പർ സർക്കാർ ഉത്തരവ് പ്രകാരമുള്ള പിഴ ഈടാക്കേണ്ടതാണ്.

5. നിയമവിരുദ്ധമായി സ്ഥാപിക്കുന്ന ബോർഡുകൾ, ഹോർഡിംഗുകൾ, ഷോപ്പ് ബോർഡുകൾ സംബന്ധിച്ച് പൊതുജനങ്ങൾക്ക് പരാതിപ്പെടാനുള്ള പരാതി സെൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ജില്ലാ ശുചിത്വ മിഷനുകളിലും രൂപീകരിക്കേണ്ടതാണ്.

6. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള അനുമതി നമ്പർ, പരസ്യപ്രചാരണ ബോർഡുകൾ/ഹോർഡിംഗുകളുടെ താഴെ വലതുവശത്തായി പ്രദർശിപ്പിക്കേണ്ടതാണെന്ന നിബന്ധന അനുമതിയിൽ ഉൾപ്പെടുത്തേണ്ടതാണ്.

7. പരസ്യപ്രചാരണ ബോർഡിന് /ഹോർഡിംഗിന് ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പാക്കിയശേഷം മാത്രം അനുമതി നൽകേണ്ടതാണ്.

8. ബോർഡുകൾ, ഹോർഡിംഗുകൾ, കമാനങ്ങൾ എന്നിവ സ്ഥാപിക്കുന്നതു മൂലം ഉണ്ടാകാവുന്ന അപകടം സംബന്ധിച്ച് പൂർണ്ണ ഉത്തരവാദിത്വവും നഷ്ടപരിഹാരം നൽകേണ്ടിവന്നാൽ ആയതിന്റെ പൂർണ്ണ ബാധ്യതയും സ്ഥാപിക്കുന്ന വ്യക്തി ഏറ്റെടുത്ത് കൊള്ളാമെന്നുള്ള വ്യവസ്ഥകൾ 200/- രൂപ മുദ്രപത്രത്തിലെ സത്യവാങ്മൂലം/കരാറിൽ ഉൾപ്പെടുത്തിയിരിക്കേണ്ടതാണ്.